എമ്മാവൂസ്

# വചനദൂത്

Vol.32 / Issue - 48 / 05 June 2017

ശ്ലീഹാക്കാലം ഒന്നാം ഞായർ യോഹ 16:5-15




ഡീ. വിൻസെന്റ് ഇടക്കരോട്ട്

ക്രിസ്തുരഹസ്യങ്ങൾ കേന്ദ്രസംഭവങ്ങളായി ധ്യാനിച്ച് മുന്നോട്ടുനീങ്ങുന്ന നാം ക്രിസ്തുവിന്റെ ഭൗതികശരീരമായ തിരുസഭാരഹസ്യത്തിന് ഊന്നൽ നൽകുന്ന ശ്ലീഹാക്കാലത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശിഷ്യന്മാർ സുവിശേഷം അറിയിക്കുവാനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഇറങ്ങിത്തിരിച്ചു. ഈ കാലഘട്ടത്തിൽ സഭയെ വളർത്തിയ ശ്ലീഹന്മാരെ പ്രത്യേകം നാം അനുസ്മരിക്കുന്നു. ഇവരുടെ പ്രാധാന്യം എടുത്തുകാണിക്കുന്നതാണ് ‘ശ്ലീഹാ’ക്കാലം എന്ന പേരുതന്നെ. അവർ ചെയ്ത അത്ഭുതാവഹമായ കാര്യങ്ങൾക്കൊപ്പം ക്രിസ്തുവിനായി, സാക്ഷ്യജീവിതത്തിൽ ഏറ്റെടുത്ത സഹന നിമിഷങ്ങളും ചുടുനിണവും സഭാസമൂഹത്തിന്റെ വളർച്ചക്ക് കാരണമായി എന്ന് നമുക്ക് മറക്കാതിരിക്കാം.

ഇന്ന് തിരുസഭ പന്തക്കുസ്താ തിരുനാൾ ആഘോഷിക്കുകയാണ്. ഏവർക്കും പന്തക്കുസ്താ തിരുനാൾ ആശംസകൾ. പന്തക്കുസ്താ എന്ന വാക്കിന്റെ അർത്ഥം ‘അമ്പതാം ദിവസം’ എന്നാണ്. പഴയനിയമ പശ്ചാത്തലത്തിൽ പെസഹാത്തിരുന്നാളിന്റെ അമ്പതാം ദിവസമാണ് പന്തക്കുസ്താ തിരുനാളായി കൊണ്ടാടിയിരുന്നത്. ഇത് ഒരു കാർഷിക ഉത്സവമായിരുന്നു (പുറ:23/16, 34/22). 7 ആഴ്ചയോളം നീണ്ടുനിന്ന വിളവെടുപ്പിന്റെ അവസാനത്തിലാണ് പന്തക്കുസ്താ ആഘോഷിക്കുക. പ്രകൃതിയിൽ നിന്നും ലഭിച്ച ഐശ്വര്യത്തിന്റെയും ഭൗതികക്ഷേമത്തിന്റെയും ഓഹരി സമർപ്പിച്ച് അതിനെ പ്രതി ദൈവത്തിന് കൃതജ്ഞതയുടെ ബലിയർപ്പണം നടത്തുന്ന വിശുദ്ധദിനം.

എന്നാൽ പുതിയ നിയമ പശ്ചാത്തലത്തിൽ യേശുവിന്റെ മരണോത്ഥാനശേഷം വന്ന ആദ്യ പന്തക്കുസ്തായിൽ ശ്ലീഹാന്മാർക്ക് യേശുവിന്റെ

വാഗ്ദാനമായ പരിശുദ്ധാത്മാവിനെ ലഭിച്ചു. ഇത് ഭൗതികനേട്ടങ്ങളുടെ ആഘോഷമല്ല, ആത്മീയ ഉണർവ്വിന്റെയും പുതുജീവിതത്തിന്റെയും ആഘോഷമാണ്. പ്രകൃതിയുടെ ഐശ്വര്യത്തെയല്ല മറിച്ച് ദൈവത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിന്റെ നിറവിനെയാണ് അനുസ്മരിക്കുക. സെഹിയോൻ ശാലയിൽ ഒരുമിച്ചിരുന്ന പരിശുദ്ധ അമ്മയും ശിഷ്യരും ആത്മാഭിഷേകത്തിന്റെ അഗ്നിസ്നാനം പുൽകിയ സംഭവവികാസങ്ങൾ നമ്മുടെ മുന്നിൽ പകൽപോലെ പന്തക്കുസ്തായെന്ന് കേൾക്കുമ്പോൾ തെളിഞ്ഞുവരുന്നില്ലേ. ആ ആത്മാവിനാൽ നിറയുന്നതിന്റെ ആവശ്യകത ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

ലോകം ആത്മാവിൽ നിറഞ്ഞതിന്റെ ഓർമ്മദിനമാണിന്ന്. യേശുവിന്റെ വാഗ്ദാനമായ, സത്യത്തിന്റെയും നീതിയുടെയും പരിശുദ്ധാത്മാവ് സ്വർഗ്ഗം തുറന്നിറങ്ങിയ സുന്ദരദിനത്തിന്റെ സ്മരണ. അനാദിമുതലെ സന്നിഹിതനായ ദൈവചൈതന്യമായ (ഉൽപ1:2) പരിശുദ്ധാത്മാവ് ചരിത്രത്തിൽ സജീവ സാന്നിധ്യമായി കൂടെയുള്ളത് വചനത്തിൽ നാം കാണുന്നു. അബ്രാഹത്തിനും മോശയ്ക്കും സാംസണുമൊക്കെ ആത്മാവിന്റെ ശക്തി കിട്ടിയവരിൽ ചില ഉദാഹരണങ്ങൾ മാത്രം. ഉൽപ:41/38-ൽ "ദൈവത്തിന്റെ ആത്മാവ് കുടികൊള്ളുന്ന ഇവനെപ്പോലെ മറ്റൊരു മനുഷ്യനെ കണ്ടെത്താൻ കഴിയുമോ എന്ന് ഫറവോ ജോസഫിനെക്കുറിച്ച് പറയുന്നത് പരിശുദ്ധാത്മ നിറവിന്റെ ശക്തമായ അനുഭവങ്ങളിൽ ഒന്നാണ്. പൂർവ്വപിതാക്കന്മാരിലും പ്രവാചകരിലും ആത്മചൈതന്യം നിറഞ്ഞ നിന്റെയും ജീവിതവഴികളിൽ നഷ്ടമാക്കിയ ആ പരിശുദ്ധ ആത്മചൈതന്യത്തിന്റെയും അനുഭവം പേറുന്ന പ്രാർത്ഥന സങ്കീർത്തനത്തിൽ നാം കാണുന്നു. "അങ്ങയുടെ പരിശുദ്ധ ആത്മാവിനെ എന്നിൽ നിന്നെടുത്തു കളയരുതെ" (സങ്കീ.51/11) എന്ന്.

അതായത് ക്രിസ്തുവിന്റെ പീഡകളുടെ മുന്നിൽ ചിതറി പതറി വീണ ശിഷ്യർ പന്തക്കുസ്തായിൽ തീഷ്ണതയാർജ്ജിക്കുന്നതിലെ രഹസ്യമാണ് നാം ധ്യാനിക്കേണ്ടത്. ക്രിസ്തുവിന്റെ കുരിശിന്റെ വഴിയിൽ ശിഷ്യരില്ല. എല്ലാവരും ചിതറിയോടി ഉടുതുണിപോലും ഉപേക്ഷിച്ചോടി. യൂദാസ് ഒറ്റിക്കൊടുത്തു. പത്രോസ് തള്ളിപ്പറഞ്ഞു. മൂന്നുവർഷക്കാലം ഒരുമിച്ചുണ്ട്, അന്തിയുറങ്ങി, യാത്രചെയ്ത്, വചനം കേട്ട് അത്ഭുതം കണ്ട് കൂടെ നടന്നിട്ടും പീഡകൾക്കു മുന്നിൽ എല്ലാം തകർന്നവർ ശിഷ്യർ. മരണശേഷം എല്ലാം തകർന്നുവെന്ന നിരാശയുടെ ദുഃഖത്താൽ തങ്ങളുടെ പഴയവഴികളെ ഒന്നുകൂടി അവർ പിഞ്ചെല്ലുന്നു. എമ്മാവൂസ് യാത്രയും വലയെടുത്ത് തോണി കയറി കടലിൽ അലയുന്നതും ഇതുതന്നെ വ്യക്തമാക്കുന്നു. നിരാശരും ദുഃഖിതരും വഴിമുട്ടി ഇനിയെന്ത് എന്ന് ചിന്താഭാരവുമായി ശിഷ്യന്മാർ. ഇവിടെ ഉത്ഥിതൻ തന്ന സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും പിന്നിലെ ഒരു വാഗ്ദാനം - അത്, സഹായകൻ, പരിശുദ്ധാത്മാവായിരുന്നു. എന്നിട്ട് അവരോട് പറഞ്ഞു. "ഇതാ ഞാൻ എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെ മേൽ അയക്കുന്നു. ഉന്നതത്തിൽ നിന്ന് ശക്തി ധരിക്കുന്നതുവരെ നഗരത്തിൽ തന്നെ വസിക്കുവിൻ" (ലൂക്കാ 24:49).

ഇത്തരത്തിലുള്ള ആത്മനിറവിന്റെ തീവ്രഭാവമാണ് നാം പന്തക്കുസ്തായിൽ അനുഭവിക്കുന്നത്. ഇവിടെ ക്രിസ്തുവിന്റെ വാഗ്ദാനമായ "സഹായകൻ" നമ്മിലേക്ക് സഹവസിക്കുകയാണ്. ഇവിടെ പരിശുദ്ധാത്മ നിറവിന്റെ പ്രതിഫലനങ്ങൾ നാം ശരിയായി വായിച്ചെടുക്കേണ്ടത് ശ്ലീഹന്മാരുടെ ജീവിതത്തിൽ നിന്നാണ്. ശ്ലീഹന്മാരുടെ ജീവിതത്തിന്റെ വഴികളുടെ സഞ്ചാരപഥത്തെ ധ്യാനിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ അഭിഷേകം തീർക്കുന്ന നൂതനമായ ജീവിതമാർഗ്ഗങ്ങളുടെ വെളിപാടുകൾ നമുക്ക് സ്വന്തമാക്കാം. പിതാവിന്റെ വാഗ്ദാനം നിങ്ങളുടെ മേൽ അയക്കുന്നു. ഉന്നമനത്തിൽ നിന്നു ശക്തി ധരിക്കുന്നവരെ നഗരത്തിൽ തന്നെ വസിക്കുവാൻ (ലൂക്കാ.24/49).

തന്റെ ഉത്ഥാനത്തിൽ വിശ്വസിക്കാത്തതിൽ പരിഭവിച്ച് അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും കുറ്റപ്പെടുത്തിയ (മർക്കോ:16/14)

യേശു ഉന്നതത്തിൽ നിന്നുള്ള ശക്തി സ്വീകരിക്കുന്നവരെ കാത്തിരിക്കാൻ പറഞ്ഞു. ഈ കാത്തിരിപ്പ് സഹായകനായുള്ള കാത്തിരിപ്പ് അവരെ മാറ്റിമറിച്ചു. ഒടുവിൽ പരിശുദ്ധാത്മ അഭിഷേകം അഗ്നിയായി ഇറങ്ങി. പന്തക്കുസ്തായ്ക്ക് ശേഷം നാം കാണുന്ന ശിഷ്യന്മാരെ മുമ്പ് കണ്ടതുപോലെയല്ല നാം കാണുന്നത്. ഉത്ഥിതനിലുള്ള വിശ്വാസവും പരിശുദ്ധാത്മ നിറവും ശിഷ്യരുടെ ജീവിതം മാറ്റിമറിച്ചു.

ഭീരുക്കളുടെ പേടിമാറി. ക്രിസ്തുവിനെ പ്രഘോഷിച്ചു. അത്ഭുതങ്ങൾ അടയാളങ്ങൾ സംഭവിച്ചു. ക്രിസ്തുവിന്റെ സ്നേഹമറിഞ്ഞവർ ഒത്തുചേർന്നു സഭാസമൂഹങ്ങൾ രൂപപ്പെട്ടു. പരിശുദ്ധ ആത്മനിറവ് ശിഷ്യരുടെ ജീവിതം മുഴുവൻ മാറ്റി. ഒരു വെളുപ്പാൻ കാലത്ത് വന്നവഴികളെ മറന്ന് ഗുരുവിനെ തള്ളപ്പറഞ്ഞ പത്രോസു തന്നെ ഉദാഹരണം. പന്തക്കുസ്തായിലെ ആത്മനിറവിന് ശേഷം അത്ഭുതം പ്രവർത്തിക്കുന്ന പത്രോസിനെ കാണാം. അവന്റെ നിഴലെങ്കിലും ഏറ്റാൽ സുഖപ്പെടുമെന്ന വിശ്വാസത്തിൽ അവൻ കടന്നുവന്ന വഴികളിൽ രോഗികൾ കിടന്നിരുന്നുവത്രേ. അത് ആത്മനിറവിൽ പത്രോസിന്റെ നിഴൽപോലും അത്ഭുതം പ്രവർത്തിച്ചത് അനുഗ്രഹ കാരണമായി.

ഇവിടെ പന്തക്കുസ്ത ഏവർക്കും ഒരു സാധ്യതയും വെല്ലുവിളിയുമാകുന്നു. ജീവിതത്തിന്റെ വഴികളിൽ പരിശുദ്ധ ആത്മാവിന്റെ താക്കീതുകളും നെടുവീർപ്പുകളും പ്രചോദനങ്ങളും തിരസ്ക്കരിക്കുന്നത് ശീലമാകുന്നില്ലേയെന്ന് ചിന്ത. അദൃശ്യനായ ഈ സഹായകന്റെ സഹായം ഉപേക്ഷിച്ച് നീങ്ങുന്നുവോ എന്ന് ആത്മശോധന ചെയ്യാം. ഒരു നിശ്വാസത്തിന്റെയും മിഴിയനക്കത്തിന്റെയും മാത്രം അകലത്തുള്ള നിത്യസഹായകനായ പരിശുദ്ധാത്മാനുഭവത്തിലേക്ക് കടന്നുവരാനാകുമ്പോഴാണ് നമുക്കും പന്തക്കുസ്തായുണ്ടാവുക. അതിനാൽ നമ്മൾ നിരാശരാകരുത്. ക്രിസ്ത്യാനിക്ക് നിരാശയരുത്. ദൈവവും വിശ്വാസവും അബദ്ധമാണെന്ന് പറഞ്ഞുപരത്തുന്ന ചിന്താധാരകൾക്കു മുന്നിലും മരിച്ചിട്ടും ജീവിക്കുന്ന ദൈവത്തിന്റെ വാഗ്ദാനമായ സഹായകനായ പരിശുദ്ധാത്മാവിൽ പ്രത്യാശയും വിശ്വാസവും അർപ്പിക്കാൻ നമുക്ക് കഴിഞ്ഞാൽ ജീവിതം ധന്യമാകും. തീക്ഷണമാകും. സാക്ഷ്യമാകും. അതിനാൽ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ നമുക്ക് ആത്മാവിന്റെ ഉത്കൃഷ്ടദാനങ്ങൾക്കായി അഭിലഷിക്കാം. പ്രാർത്ഥിക്കാം. കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നെടുത്ത് കളയരുതേ. ◆

